LIBRARY ARCHIVES Kerala Legislative Assembly

ബാർ കോഴക്കേസ്

248 (3070) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴക്കേസിൽ ധനകാര്യ മന്ത്രിക്കെതിരെ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നിയമ ഉപദേശങ്ങളുടെയടിസ്ഥാനത്തിലായിരുന്നു ;

(ബി) നിയമോപദേശം വാങ്ങിയ ഇനത്തിൽ ആർക്കെല്ലാം എത്ര രൂപ വീതം ഫീസ് നൽകേണ്ടതായിവരും ; വിശദമാക്കാമോ ; ഫീസ് നൽകുന്നത് ആരായിരിക്കും ; ഏത് ഹെഡ്ഡിൽ നിന്നായിരിക്കും ;

(സി) സുപ്രീംകോടതിയിലെ അഭിഭാഷകനായ അഡ്വ. എൽ. നാഗേശ്വർ റാവുവിൽനിന്നും നിയമോപദേശം വാങ്ങുകയുണ്ടായോ ; നിയമോപദേശത്തിന് ഇദ്ദേഹത്തെ സമീപിക്കാൻ കാരണം എന്തായിരുന്നു ; ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു ; ഇദ്ദേഹത്തിനു എത്ര രൂപ ഫീസ് നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാർ കോഴക്കേസ്സിൽ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ ഒരിക്കലും തീരുമാനം കൈക്കൊണ്ടിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥൻ കേസന്വേഷണത്തിനുശേഷം സമർപ്പിച്ച വസ്തുതാവിവരണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറേറ്റിൽ പരിശോധിക്കുകയും റിപ്പോർട്ടിലെ വസ്തുതാപരവും നിയമപരവുമായ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച വസ്തുതാ വിവരണ റിപ്പോർട്ടപ്രകാരം പ്രതിക്കെതിരെ ഉന്നയിച്ച 1988-ലെ അഴിമതി നിരോധന നിയമത്തിലെ 7, 13(1)(ഡി) r/w 13(2) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ തെളിയിക്കുന്ന യാതൊരു വസ്തുതകളും അന്വേഷണ ഉദ്യോഗസ്ഥന് ശേഖരിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ വസ്തുതാപരവും നിയമപരവുമായ പരിശോധനയിൽ തെളിവായ വസ്തുതകളുടെ വെളിച്ചത്തിൽ പരിശോധന നടത്തി കോടതിമുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനാണ് അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയത്. അതല്ലാതെ കോടതിമുമ്പാകെ പ്രത്യേകമായി എന്തെങ്കിലും നിഷ്കർഷിച്ച് ആ രീതിയിലുള്ള അന്തിമറിപ്പോർട്ട് നൽകണമെന്ന് ഒരിക്കലും നിർദ്ദേശം നൽകിയിട്ടില്ല.

(ബി) നിയമോപദേശം നൽകിയ വകയിൽ സുപ്രീംകോടതി അഭിഭാഷകരായ ശ്രീ. മോഹൻ പരാശരൻ, ശ്രീ. എൽ. നാഗേശ്വരറാവു എന്നിവർക്ക് ഫീസ് നൽകേണ്ടിവരും. ടിയാന്മാരുടെ ബിൽ കിട്ടുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ് ഏതാണെന്ന് പരിശോധിച്ച് ഫീസ് നൽകേണ്ടിവരും.

(സി) ബാർക്കോഴയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട നിയമവിദഗ്ധരുടെ ഉപദേശം തേടേണ്ട എന്നും സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ, അറ്റോർണി ജനറൽ ഓഫ് ഇന്ത്യ എന്നിവരുടെ നിയമോപദേശം തേടാമെന്നും വിജിലൻസ് ഡയറക്ടർ തന്നെയാണ് തീരുമാനിച്ചത്. ബാർ കോഴ ക്കേസുപോലെ പൊതുജന ശ്രദ്ധയാകർഷിച്ച കേസ്സിൽ സംസ്ഥാനത്തുള്ളവരുടെ നിയമോപദേശം തേടിയാൽ അതിന്റെ വിശ്വസനീയത ചോദ്യം ചെയ്യപ്പെടുമെന്ന് ഉള്ളതിനാലും ടി കേസ് സംബന്ധമായി പല നിയമപ്രശ്നങ്ങളും ഭാവിയിൽ വരാൻ സാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കിയാണ് വിജിലൻസ് ഡയറക്ടർ ഇത്തരം ഒരു തീരുമാനം എടുത്തത്. മുകളിൽ പറഞ്ഞവരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാലാണ് സുപ്രീംകോടതിയിലെ പ്രമുഖ അഭിഭാഷകരായ ശ്രീ. മോഹൻ പരാശരൻ (മുൻ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ), ശ്രീ. എൽ. നാഗേശ്വരറാവു (മുൻ അഡീഷണൽ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ) എന്നിവരുടെ നിയമോപദേശം തേടിയത്. ടി അഭിഭാഷകരുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമവ്യവസ്ഥകൾ

249 (3071) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെയുള്ള നിയമ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക പദവിയിലുള്ളവരുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly